## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2533 — 05/11/2019-ൽ മറുപടിക്ക്

### ഇന്ത്യാന്നൂർ ആസ്ഥാനമായി പുതിയ സെക്ഷൻ

| | ചോദ്യം<br><br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യാന്നൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ആരംഭിക്കണമെന്നത് സംബന്ധിച്ച എന്തെങ്കിലും പ്രൊപ്പോസൽ നിലവിൽ വൈദ്യുതി ബോർഡിൽ ഉണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | ഉണ്ട്. കോട്ടയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യാന്നൂർ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആരംഭിക്കുന്നതിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം പുതിയതായി അനുവദിക്കുന്ന സെക്ഷനോഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭ്യമാകുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കുവാനാണ് ബോർഡ് തീരുമാനം. സൗജന്യമായി സ്ഥലമോ കെട്ടിടമോ ലഭ്യമാകുന്ന മുറയ്ക്ക് സെക്ഷനോഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് . |
| (ബി) | ഇന്ത്യാന്നൂർ ആസ്ഥാനമായി സെക്ഷൻ ആരംഭിക്കണമെന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡ് എടുത്ത നടപടികൾ അറിയിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ